**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1324** **19-09-2025 - ൽ മറുപടിയ്ക്ക്**

**ദേശീയപാത നിർമ്മാണത്തിന്റെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൂരിയാട് ഉൾപ്പെടെയുള്ള ദേശീയപാത, നിർമ്മാണ ഘട്ടത്തിൽ തകർന്നുവീണത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ദേശീയപാത 66 ന്റെ ചിലഭാഗങ്ങളിൽ നിർമ്മാണഘട്ടത്തിൽ അപാകത ഉണ്ടായത് മണ്ണിന്റെ പ്രകൃതം സംബന്ധിച്ച് തെറ്റായ വിലയിരുത്തൽ (incorrect soil assumption) നടത്തിയതിനാലും, slope protection പൂർത്തിയാക്കാൻ സാധിക്കാത്തത് മൂലവുമാണ് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.<br><br>മലപ്പുറം കൂരിയാട് ഉണ്ടായ സംഭവത്തെ തുടർന്ന് കേരളത്തിലെ ദേശീയപാതയുടെ നിർമ്മാണ പ്രവൃത്തി പരിശോധിക്കുന്നതിന് വിദഗ്ധ സമിതിയെ ദേശീയപാത അതോറിറ്റി നിയോഗിച്ചിരുന്നു. മാത്രമല്ല വീഴ്ചവരുത്തിയ കൺസെഷനറെയും (M/s KNR Ramanattukara Infra Pvt. Ltd.) കൺസൾട്ടന്റ് ആയ M/s Highway Engineering Consultants കമ്പനിയെയും ഡീബാർ ചെയ്യുന്നതിന് ദേശീയപാത അതോറിറ്റി നടപടി സ്വീകരിച്ചിട്ടുണ്ട്. കൺസൾട്ടന്റിന്റെ ടീം ലീഡറെയും കൺസെഷനറുടെ പ്രോജക്ട് മാനേജരെയും സസ്പെൻഡ് ചെയ്തു. കരാറുകാരനോട് സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും കൂരിയാട് ഭാഗത്ത് ഒരു വയഡക്റ്റ്(Viaduct) നിർമ്മിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഇത് കൂടാതെ കേരളത്തിൽ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ദേശീയപാതയിൽ നടപ്പാക്കിയ Slope/Embankment സംരക്ഷണ പ്രവൃത്തികൾ അവലോകനം ചെയ്യുന്നതിനായി മറ്റൊരു വിദഗ്ധ സമിതിയെയും നിയോഗിച്ചിട്ടുള്ളതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | ദേശീയപാതയ്ക്ക് വേണ്ടി കെട്ടി ഉയർത്തിയ മൺതിട്ടകളുടെ നിർമാണത്തിൽ ഗുരുതരമായ | (ബി) | എ പിരിവിന്റെ അതേ മറുപടി |

| | | | |
|---|---|---|---|
| | പിഴവുകൾ ഉണ്ടെന്നും മൺതിട്ടകളുടെ ശേഷി ഉറപ്പാക്കുന്നതിനായി പുൾ ഔട്ട് ടെസ്റ്റ് നടത്തിയിട്ടില്ല എന്നും ദേശീയപാത അതോറിറ്റി നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | | |
| (സി) | ദേശീയപാത നിർമ്മാണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വകുപ്പുമന്ത്രിയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (സി) | ദേശീയപാതയുടെ ഡിസൈനും നിർമ്മാണവും ഗുണനിലവാരം ഉറപ്പാക്കലും ദേശീയപാത അതോറിറ്റിയുടെ ഉത്തരവാദിത്തമാണെങ്കിലും സംസ്ഥാനം ഫണ്ട് ചെലവഴിക്കുന്നതിനാലും പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്തും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിശ്ചിത ഇടവേളകളിൽ അവലോകനയോഗങ്ങൾ നടത്തിവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് മന്ത്രി എന്ന നിലയിൽ യോഗങ്ങൾ ചേരുകയും അതോടൊപ്പം പ്രവൃത്തിയിടങ്ങളിലെത്തി പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്.കേരളത്തിൽ ദേശീയപാത നിർമ്മാണ വേളയിൽ മണ്ണിടിച്ചിൽ സാധ്യത മുന്നിൽ കണ്ട് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താൻ നേരത്തെ തന്നെ ദേശീയപാത അതോറിറ്റിയോട് നിർദ്ദേശിച്ചിരുന്നു. ഇത്തരത്തിൽ മണ്ണിടിച്ചിൽ ഉണ്ടാകാൻ സാധ്യതയുള്ള മേഖലകൾ കണ്ടെത്തി പരിസ്ഥിതി സൗഹാർദ്ദമായ പരിഹാര മാർഗ്ഗങ്ങൾ സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ തയ്യാറാക്കി നടപ്പാക്കണമെന്ന് ദേശീയപാത അതോറിറ്റിയോട് ആവശ്യപ്പെട്ടിരുന്നു. പ്രവൃത്തി പുരോഗമിക്കുന്നതി നിടയിൽ മലപ്പുറത്ത് കൂരിയാട് നിർമ്മാണത്തി ലിരിക്കുന്ന റോഡിന് തകർച്ച സംഭവിച്ചു.മഴയുടെ ഘട്ടത്തിൽ ചിലയിടങ്ങളിൽ മണ്ണിടിച്ചിലും റോഡുകളിൽ വിള്ളലുകളുമുണ്ടായി. ഇക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ട സമയത്ത് തന്നെ ദേശീയപാത അതോറിറ്റിയെ അറിയിക്കുകയും പരിഹാര നടപടികൾ ആവശ്യപ്പെടുകയും ചെയ്തിരുന്നു.26-05-2025-ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയും 30-05-2025-ന് ചീഫ് സെക്രട്ടറിയും ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥരുമായി യോഗം നടത്തുകയും വിഷയത്തെ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തിരുന്നു. 06-07-2025-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയെ സന്ദർശിക്കുകയും കേരളത്തിലെ പ്രശ്നങ്ങളെ സംബന്ധിച്ച് പ്രത്യേകമായ ചർച്ച നടത്തുകയും ചെയ്തു. ആ ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദേശീയപാത നിർമ്മാണത്തിലുണ്ടായ അപാകതകൾ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഇതിന് അടിയന്തിരമായി പരിഹാരം കാണണമെന്നും പ്രശ്നങ്ങൾ ഗൗരവമായി |

| | | | |
|---|---|---|---|
| | | | പരിശോധിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രമന്ത്രിയോട് ആവശ്യപ്പെട്ടു.ഉത്തരവാദികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നും ശാസ്ത്രീയമായ പരിഹാര മാർഗ്ഗങ്ങൾ ഉണ്ടാകുമെന്നും ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഉറപ്പുനൽകിയിട്ടുണ്ട്. കേരളത്തിലെ ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ചതായും സമിതി റിപ്പോർട്ട് കൂടി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുമെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ